Language Code : **09**

इस पुस्तिका में **20** मुद्रित पृष्ठ हैं।
This booklet contains **20** Printed pages.

# JSS-24-II

**प्रश्न-पत्र-II / PAPER-II**

**मलयालम भाषा परिशिष्ट**

**Malayalam Language Supplement**

**भाग-IV & V / PART-IV & V**

मुख्य परीक्षा पुस्तिका संख्या / Main Test Booklet No.

मुख्य परीक्षा पुस्तिका कोड / Main Test Booklet Code

# I

**इस परीक्षा पुस्तिका को तब तक न खोलें जब तक कहा न जाए।**
**Do not open this Test Booklet until you are asked to do so.**
**इस परीक्षा पुस्तिका के पिछले आवरण (पृष्ठ 19 व 20) पर दिए निर्देशों को ध्यान से पढ़ें।**
**Read carefully the Instructions on the Back Cover (Page 19 & 20) of this Test Booklet.**

**मलयालम में निर्देशों के लिए इस पुस्तिका का पृष्ठ 2 देखें। / FOR INSTRUCTIONS IN MALAYALAM SEE PAGE 2 OF THIS BOOKLET.**

## परीक्षार्थियों के लिए निर्देश

1. यह पुस्तिका मुख्य परीक्षा पुस्तिका की एक परिशिष्ट है, उन परीक्षार्थियों के लिए जो **या** तो भाग IV (भाषा I) **या** भाग V (भाषा II) **मलयालम** भाषा में देना चाहते हैं, लेकिन **दोनों नहीं**।
2. परीक्षार्थी भाग I एवं भाग II **या** III के उत्तर मुख्य परीक्षा पुस्तिका से दें और भाग IV व V के उत्तर उनके द्वारा चुनी भाषाओं से।
3. अंग्रेज़ी व हिन्दी भाषा पर प्रश्न मुख्य परीक्षा पुस्तिका में भाग IV व भाग V के अन्तर्गत दिए गए हैं। भाषा परिशिष्टों को आप अलग से माँग सकते हैं।
4. इस पृष्ठ पर विवरण अंकित करने एवं उत्तर पत्र पर निशान लगाने के लिए **केवल काले/नीले बॉल पॉइंट पेन** का प्रयोग करें।
5. इस भाषा पुस्तिका का **संकेत** है **I**। यह सुनिश्चित कर लें कि इस भाषा परिशिष्ट पुस्तिका का संकेत, उत्तर पत्र के **पृष्ठ-2** एवं मुख्य परीक्षा पुस्तिका पर छपे संकेत से मिलता है। अगर यह भिन्न हो, तो परीक्षार्थी दूसरी भाषा परिशिष्ट परीक्षा पुस्तिका लेने के लिए निरीक्षक को तुरन्त अवगत कराएँ।
6. इस परीक्षा पुस्तिका में **दो** भाग IV और V हैं, जिनमें **60** वस्तुनिष्ठ प्रश्न हैं, जो प्रत्येक 1 अंक का है :
   भाग-IV : भाषा-I (मलयालम) (प्र. 91 से प्र. 120)
   भाग-V : भाषा-II (मलयालम) (प्र. 121 से प्र. 150)
7. भाग-IV में भाषा-I के लिए 30 प्रश्न और भाग-V में भाषा-II के लिए 30 प्रश्न दिए गए हैं। इस परीक्षा पुस्तिका में केवल मलयालम भाषा से संबंधित प्रश्न दिए गए हैं। **यदि भाषा-I और/या भाषा-II में आपके द्वारा चुनी गई भाषा(एँ) मलयालम के अलावा है तो कृपया उस भाषा वाली परीक्षा पुस्तिका माँग लीजिए। जिन भाषाओं के प्रश्नों के उत्तर आप दे रहे हैं वह आवेदन पत्र में चुनी गई भाषाओं से अवश्य मेल खानी चाहिए।**
8. **परीक्षार्थी भाग-V (भाषा-II) के लिए, भाषा सूची से ऐसी भाषा चुनें जो उनके द्वारा भाषा-I (भाग-IV) में चुनी गई भाषा से भिन्न हो।**
9. रफ कार्य परीक्षा पुस्तिका में इस प्रयोजन के लिए दी गई खाली जगह पर ही करें।
10. सभी उत्तर केवल OMR उत्तर पत्र पर ही अंकित करें। अपने उत्तर ध्यानपूर्वक अंकित करें। उत्तर बदलने हेतु श्वेत रंजक का प्रयोग निषिद्ध है।

## INSTRUCTIONS FOR CANDIDATES

1. This booklet is a supplement to the Main Test Booklet for those candidates who wish to answer **EITHER** Part IV (Language I) **OR** Part V (Language II) in **MALAYALAM** language, but **NOT BOTH**.
2. Candidates are required to answer Part I and Part II **OR** III from the Main Test Booklet and Parts IV and V from the languages chosen by them.
3. Questions on English and Hindi languages for Part IV and Part V have been given in the Main Test Booklet. Language Supplements can be asked for separately.
4. Use **Black/Blue Ball Point Pen only** for writing particulars on this page/ marking responses in the Answer Sheet.
5. The CODE for this Language Booklet is **I**. Make sure that the CODE printed on **Side-2** of the Answer Sheet and on your Main Test Booklet is the same as that on this Language Supplement Test Booklet. In case of discrepancy, the candidate should immediately report the matter to the Invigilator for replacement of the Language Supplement Test Booklet.
6. This Test Booklet has **two** Parts, IV and V, consisting of **60** Objective Type Questions, each carrying 1 mark :
   Part-IV : Language-I (Malayalam) (Q. 91 to Q. 120)
   Part-V : Language-II (Malayalam) (Q. 121 to Q. 150)
7. Part-IV contains 30 questions for Language-I and Part-V contains 30 questions for Language-II. In this Test Booklet, only questions pertaining to Malayalam language have been given. **In case the language/s you have opted for as Language-I and/or Language-II is a Language other than Malayalam, please ask for a Test Booklet that contains questions on that language. The language being answered must tally with the languages opted for in your Application Form.**
8. **Candidates are required to attempt questions in Part-V (Language-II) in a language other than the one chosen as Language-I (in Part-IV) from the list of languages.**
9. Rough work should be done only in the space provided in the Test Booklet for the same.
10. The answers are to be recorded on the OMR Answer Sheet only. Mark your responses carefully. No whitener is allowed for changing answers.

परीक्षार्थी का नाम (बड़े अक्षरों में) : ____________________
Name of the Candidate (in Capitals) :

अनुक्रमांक : (अंकों में) / Roll Number : in figures ____________________
: शब्दों में / in words ____________________

परीक्षा केन्द्र (बड़े अक्षरों में) : ____________________
Centre of Examination (in Capitals) :

परीक्षार्थी के हस्ताक्षर : ____________________
Candidate's Signature :

निरीक्षक के हस्ताक्षर : ____________________
Invigilator's Signature :

Facsimile Signature Stamp of
Centre Superintendent : ____________________

Language Code : **09**

ഈ പുസ്തികയിൽ 20 താളുകൾ ഉണ്ട്

# JSS-24-II

**പേപ്പർ-II**

**മലയാളഭാഷ അനുബന്ധം**

**ഭാഗം IV & V**

**പരീക്ഷാ ചെറുപുസ്തക സങ്കേതം**

**I**

**പറയുന്നതുവരെ ഈ പരീക്ഷാപുസ്തിക തുറക്കരുത്.**

**ഈ പുസ്തികയുടെ പുറംതാളിൽ (പേജ് 19 & 20) കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ വായിക്കുക.**

**പരിക്ഷാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ** :

1. ഈ പുസ്തിക മുഖ്യപരീക്ഷാപുസ്തകത്തിന്റെ ഒരു അനുബന്ധമാണ് IV (ഭാഷ I) അല്ലെങ്കിൽ V (ഭാഷ II) ഭാഗം മാത്രം മലയാളത്തിൽ ഉത്തരമെഴുതാൻ ആഗ്രഹിക്കുന്ന പരീക്ഷാർത്ഥികൾക്കുവേണ്ടിയാണ്, രണ്ടുഭാഗങ്ങളും ഒരേഭാഷയിൽ എഴുതാനല്ല.
2. പരീക്ഷാർത്ഥികൾ I ഉം, II ഓ III ഓ ഭാഗവും മുഖ്യപരീക്ഷാപുസ്തകത്തിലും IV ഉം V ഉം ഭാഗങ്ങൾ തങ്ങൾ തിരഞ്ഞെടുത്ത ഭാഷയിലും ഉത്തരമെഴുതണം.
3. IV ഉം V ഉം ഭാഗങ്ങളിലെ ഇംഗ്ലിഷ്/ഹിന്ദീചോദ്യങ്ങൾ മുഖ്യപരീക്ഷാപുസ്തകത്തിലുണ്ട്. ഇതരഭാഷ അനുബന്ധങ്ങൾ ചോദിച്ചുവാങ്ങുക.
4. ഈ പേജിലെ വിവരങ്ങൾ എഴുതാനും/ഉത്തരം എഴുതാനും, **നീല ബോൾ പോയിന്റ് പേന മാത്രം** ഉപയോഗിക്കുക.
5. ഈ പുസ്തികയുടെ സങ്കേതം (കോഡ്) **I** ആണ്. നിങ്ങളുടെ ഉത്തരക്കടലാസ്സിന്റെ **വശം** 2-ലും നിങ്ങളുടെ മുഖ്യപരീക്ഷാപുസ്തകത്തിലും ഉള്ള സങ്കേതം (കോഡ്) ഈ ഭാഷ അനുബന്ധത്തിലുള്ള ആതേ കോഡ് തന്നെ എന്ന് ഉറപ്പുവരുത്തുക.
6. IV, V എന്ന **രണ്ടു** ഭാഗങ്ങൾ ഈ പുസ്തികയിൽ ഉണ്ട്. **60** വസ്തുനിഷ്ഠമായ (ഓബ്ജക്റ്റീവ്) ചോദ്യങ്ങളും ഉണ്ട്. ഓരോ ചോദ്യത്തിനും **ഒരു (1)** മാർക്ക്.
   ഭാഗം **IV**- ഭാഷ-**I** (മലയാളം) (ചോദ്യം *91 - 120)*
   ഭാഗം **V**- ഭാഷ-**II** (മലയാളം) (ചോദ്യം *121 - 150)*
7. ഭാഗം **IV** ൽ (ഭാഷ I) **30** ചോദ്യങ്ങളും ഭാഗം V ൽ (ഭാഷ II) **30** ചോദ്യങ്ങളും ഉണ്ട്. ഈ പുസ്തികയിൽ മലയാള ഭാഷയിൽ മലയാളഭാഷയെ ആസ്പദമാക്കിയ ചോദ്യങ്ങളാണ് ഉള്ളത്. **നിങ്ങൾ മലയാളഭാഷയല്ലാതെ വേറെ ഭാഷ I/ഭാഷ II തിരഞ്ഞടുത്തതെങ്കിൽ, ആ ഭാഷയിലെ ചോദ്യങ്ങൾ ആവശ്യപ്പെടുക. അപേക്ഷാ ഫോമിലെന്തു ഭാഷയാണോ നിങ്ങൾ ഐച്ഛികമായി ഏടുത്തിരിക്കുന്നത് ആതേ ഭാഷയിലെ തന്നെ ചോദ്യങ്ങൾക്കായിരിക്കണം നിങ്ങൾ ഉത്തരമെഴുതേണ്ടത്.**
8. **പരീക്ഷാർത്ഥികൾ ഭാഗം V (ഭാഷ II) ൽ ഉത്തരമെഴുതുന്ന ഭാഷ ഭാഗം IV (ഭാഷ I)ൽനിന്നു വ്യത്യസ്തമായ ഭാഷയായിരിക്കണം.**
9. റഫ് വർക്ക് ചെയ്യുന്നതിന് പരീക്ഷാപുസ്തികയിൽ അതിനായി തന്നിട്ടുള്ള സ്ഥാനത്തു മാത്രം ചെയ്യുക.
10. ഉത്തരങ്ങൾ OMR ഉത്തരപുസ്തികയിൽ മാത്രം രേഖപ്പെടുത്തുക. ഉത്തരം ശ്രദ്ധാപൂർവ്വം രേഖപ്പെടുത്തുക. ശ്വേത രഞ്ജകം (Whitener) ഉപയോഗിക്കാൻ അനുവാദമില്ല.

പരീക്ഷാർത്ഥിയുടെ പേര് : ______________________________

റോൾ നമ്പർ : (അക്കത്തിൽ) : ______________________________

: (അക്ഷരത്തിൽ): ______________________________

പരീക്ഷാകേന്ദ്രം (വലിയ അക്ഷരത്തിൽ): ______________________________

പരീക്ഷാർത്ഥിയുടെ ഒപ്പ് : ______________ ഇൻവിജിലേറ്ററുടെ ഒപ്പ് : ______________

Facsimile signature stamp of
Centre Superintendent ______________________________

**ഭാഷ - I മലയാളം** തിരഞ്ഞെടുത്ത പരീക്ഷാർത്ഥികൾ മാത്രം **ഭാഗം IV** (**ചോദ്യങ്ങൾ 91-120**) ഉത്തരമെഴുതുക.

Candidates should attempt the questions from **Part-IV (Q.No. 91-120)**, if they have opted **MALAYALAM** as **Language-I** only.

## PART-IV
## LANGUAGE-I
## MALAYALAM

| |
|---|
| **ഭാഷ-I മലയാളം** തിരഞ്ഞെടുത്ത പരീക്ഷാർത്ഥികൾ മാത്രം **ഭാഗം-IV** (**ചോദ്യങ്ങൾ 91-120**) ഉത്തരമെഴുതുക. |

**താഴെക്കൊടുത്തിട്ടുള്ള ഗദ്യഭാഗം വായിച്ച ശേഷം ചോദ്യങ്ങൾക്ക് (91-99) ശരിയുത്തരം തിരഞ്ഞെടുത്ത് എഴുതുക.**

കേരളത്തിലെ ആയോധനകലാകേന്ദ്രങ്ങളാണ് കളരികൾ. അക്ഷരാഭ്യാസവും ആയുധാഭ്യാസവും കായികപരിശീലനവും നല്കുന്ന കേന്ദ്രങ്ങളായിരുന്നു ഇവ. കേരളത്തിലെ കളരിഅഭ്യാസനത്തിന്റെ പ്രധാനകേന്ദ്രം തുളുനാടായിരുന്നു. പരശുരാമനാണ് കേരളത്തിൽ കളരികൾ സ്ഥാപിച്ചതെന്നാണ് സങ്കല്പം. 3600 ബ്രാഹ്മണരെ പരശുരാമൻ ആയുധം നല്കി കല്പിച്ചുവെന്നും കേരളത്തിൽ 108 നാൽപതീരടിസ്ഥാനങ്ങൾ ഉണ്ടാക്കി 1008 കളരികൾ സ്ഥാപിച്ചുവെന്നുമാണ് ഐതിഹ്യം. ദക്ഷയാഗത്തിലെ ശൈവകോപത്തിന്റെ ചുവടുകൾ പരശുരാമൻ തന്റെ 21 ശിഷ്യർക്ക് പകർന്നുനല്കിയെന്നും ഇവയാണ് കളരികളായി വികസിച്ചതെന്നും ഒരുസങ്കല്പമുണ്ട്. 12-ാം നൂറ്റാണ്ടിൽ ചേരചോളന്മാർ തമ്മിൽ നടന്ന നൂറ്റാണ്ടു യുദ്ധത്തിന്റെ പരിണതഫലമായാണ് കളരികൾ രൂപംകൊണ്ടതെന്നും വാദമുണ്ട്. ധനുർവേദത്തിന്റെ പാരമ്പര്യത്തിൽ രൂപംകൊണ്ടതാണ് കളരിയെന്നും അഭിപ്രായമുണ്ട്. ചില പ്രദേശങ്ങളിൽ കളരികളിൽ ഉച്ചവരെ അക്ഷരാഭ്യാസനവും ഉച്ചയ്ക്കുശേഷം ആയോധനാഭ്യാസനവുമാണ് നടന്നിരുന്നത്. കളരിഅഭ്യസനം ദൈനംദിനജീവിതത്തിൽ അത്യാവശ്യമായി അറിഞ്ഞിരിക്കേണ്ട ഒന്നാണെന്ന് മുൻപുള്ളവർ വിശ്വസിച്ചിരുന്നതിനാൽ ബാല്യത്തിൽത്തന്നെ കളരിഅഭ്യസനത്തിന് കുട്ടികളെ വിടുമായിരുന്നു. ഒരുകാലത്ത് ദേശങ്ങൾ തോറും കളരികൾ ഉണ്ടായിരുന്നു. ഭദ്രകാളീ ക്ഷേത്രങ്ങളോടനുബന്ധിച്ചാണ് പ്രധാനമായും കളരികൾ സ്ഥാപിച്ചിരുന്നത്. തറവാടുകളോട് അനുബന്ധിച്ചും കളരികൾ നടത്തിപ്പോന്നിരുന്നു. ആയുധാഭ്യാസകളരികൾക്ക് 'ഇലങ്കം' എന്നും പേരുണ്ടായിരുന്നു.

ഓരോ കളരിക്കും 'കുറുപ്പ് ' അല്ലെങ്കിൽ 'ഗുരുക്കൾ' എന്ന സ്ഥാനപ്പേരുള്ള ഗുരുക്കന്മാർ ഉണ്ടായിരുന്നു. കച്ചകെട്ടും തിരുമ്മലും നടത്തി പയറ്റുമുറകളിലെ 18 അടവുകളും കൂടാതെ മർമ്മവിദ്യയും അഭ്യസിപ്പിക്കുകയായിരുന്നു ഗുരുക്കന്മാരുടെ പ്രധാനചുമതല. നൂറും ഇരുനൂറും കളരികളുടെ മേൽനോട്ടം വഹിച്ചിരുന്ന വലിയഗുരുക്കന്മാരും ഒരുകാലത്തുണ്ടായിരുന്നു. പ്രപഞ്ചശക്തികളെ പ്രതിനിധീകരിക്കുന്ന തരത്തിലുള്ള കളരി അധ്യാത്മികവിശ്വാസങ്ങളെ കേന്ദ്രീകരിച്ചുകൊണ്ടാണ് നിലനിൽക്കുന്നത്. കളരിയുടെ മർമ്മപ്രധാനശക്തികേന്ദ്രമായി കരുതപ്പെടുന്നത് പൂത്തറയും ഗുരുത്തറയുമാണ്.

91. ''നൂറ്റാണ്ട് '' സന്ധി ഏത് ?

(1) ആഗമം (2) ആദേശം (3) ലോപം (4) ദ്വിത്വം

92. ''ഗുരുത്തറ'' സന്ധി ഏത് ?

(1) ദ്വിത്വം (2) ആഗമം (3) ആദേശം (4) ലോപം

93. 'ഇലങ്കം' എന്നാലെന്ത് ?

(1) കളരി (2) ചുവടുകൾ (3) കേന്ദ്രം (4) ക്ഷേത്രം

94. ബ്രാഹ്മണർക്ക് ആയുധപരിശീലനം നൽകിയത് ആരാണെന്നാണ് വിശ്വാസം ?

(1) ഭാർഗവരാമൻ (2) ശ്രീരാമൻ (3) ബലരാമൻ (4) കോദണ്ഡരാമൻ

95. കേരളത്തിലെ കളരികളിൽ നടത്താതിരുന്നത് :

(1) അക്ഷരാഭ്യാസം (2) ആയുധാഭ്യാസം

(3) കായികപരിശീലനം (4) ചാരപ്രവർത്തനം

96. എന്തിനോടു ചേർന്നാണ് കളരികൾ സ്ഥാപിച്ചിരുന്നത് ?

(1) സുബ്രഹ്മണ്യസ്വാമിക്ഷേത്രം (2) ഭദ്രകാളീക്ഷേത്രം

(3) വിദ്യാലയം (4) സത്രം

97. കളരി രൂപപ്പെട്ടത് ഏതിൽനിന്ന് ?

(1) ഋഗ്വേദം (2) സ്ഥാപത്യവേദം

(3) ധനുർവേദം (4) ആയുർവേദം

98. 'മർമവിദ്യ' സമാസം ഏത് ?

(1) ബഹുവ്രീഹി

(2) പ്രയോജികാതത്പുരുഷൻ

(3) മധ്യമപദലോപിതത്പുരുഷൻ

(4) അലുപ്തം

99. തുളുനാടിന്റെ പ്രാധാന്യം എന്ത് ?

(1) പ്രധാനകേന്ദ്രം (2) അപ്രധാനകേന്ദ്രം

(3) കളരികളുടെ കേന്ദ്രം (4) കളരികൾ ഇല്ലാത്ത ഇടം

**ഈ പദ്യഭാഗം വായിച്ചശേഷം ശരിയുത്തരം (100 - 105) തിരഞ്ഞെടുത്തെഴുതുക.**

പട്ടണം നാടും കാടും
    ആസേതുഹിമാചലം
അഗ്നിവിദ്യുതൻ സ്ഫോട-
    മതിനാൽ ജ്വലിക്കുമ്പോൾ

ഉള്ളിലെ ആലസ്യവും
    ഭീതിയും ഹോമിച്ചെങ്ങും
ഫുല്ലവീര്യമാം യുവ-
    ചേതന ഒപ്പം ചേർന്നു

പ്രിയമായൊരാൾ തേടീ
    സമ്മതം 'ഗുരോ! ഭവൽ
പ്പദമുദ്രയെത്തുടർ-
    ന്നെങ്ങളേതാനും ശിഷ്യർ.'

ലോകമെമ്പാടും വിളി-
    ച്ചുണർത്താനിച്ഛിക്കുന്നു
പരമാർദ്രനായ് രാജ-
    യോഗി ചൊല്ലുന്നു, 'സാധോ

ഉണർത്തുന്നോർക്ക, ല്ലുണ-
    രുന്നവർക്കല്ലോ ക്ഷാമം;
കളിക്ക ഫുട്ബോൾ നന്നായ്:
    കാണുകീശ്വരസത്യം!'

**100.** ആർക്കാണ് ക്ഷാമമുള്ളത് ?

(1) ഉണർത്തുന്നവർക്ക്
(2) ഉണർത്താത്തവർക്ക്
(3) ഉണരുന്നവർക്ക്
(4) ഉണരാത്തവർക്ക്

**101.** യുവചേതൻ സമാസം ഏത് ?

(1) സംബന്ധികാതത്പുരുഷൻ
(2) മധ്യമപദലോപിതത്പുരുഷൻ
(3) ആധാരികാതത്പുരുഷൻ
(4) ബഹുവ്രീഹി

**102.** കാട് എന്നതിന്റെ പര്യായം അല്ലാത്ത വാക്കേത് ?

(1) സാനു (2) വനം (3) വിപിനം (4) കാന്താരം

**103.** 'ഭവത്പദം' സന്ധി ഏത് ?

(1) ലോപം (2) ആദേശം (3) ദ്വിത്വം (4) ആഗമം

**104.** 'ഞങ്ങൾ' എന്ന അർത്ഥത്തിൽ കാവ്യഭാഗത്തുള്ള പദമേത് ?

(1) രാജയോഗി (2) എങ്ങൾ (3) യുവചേതന (4) ശിഷ്യർ

**105.** ഫുട്ബോൾ കളിയിലൂടെ ഈശ്വരനെ കാണാൻ ഉപദേശിച്ചതാര് ?

(1) സ്വാമി വിവേകാനന്ദൻ (2) സ്വാമി ചിന്മയാനന്ദൻ

(3) സ്വാമി സത്യാനന്ദ സരസ്വതി (4) സ്വാമി രംഗനാഥാനന്ദ

**106.** അധ്യാപകരിലും പഠിതാക്കളിലും വിഭവങ്ങളിലും പരിശോധനയും മൂല്യനിർണയവും ചെലുത്തുന്ന പ്രഭാവം എന്ത് ?

(1) കോർപ്പസ് പ്രഭാവം (2) വാഷ്ബാക് പ്രഭാവം

(3) ക്ലാസ്റൂം പ്രഭാവം (4) പ്രബലദൃഢീകരണം

**107.** ഒരു സ്കൂൾ ഗുണപ്രദമായ ദ്വിഭാഷിത്വം പിന്തുടരേണ്ടതുണ്ട്. എന്തുകൊണ്ടെന്നാൽ,

(1) കുട്ടിയുടെ സംസ്കാരത്തെയും ഭാഷയെയും വിലമതിക്കുന്നു.

(2) രണ്ടാംഭാഷയായ ഇംഗ്ലിഷിന്റെ പഠനത്തിന് പ്രാധാന്യം നൽകുന്നു.

(3) കുട്ടിയുടെ ഭാഷയെ മാത്രം പ്രോത്സാഹിപ്പിക്കുന്നു, സംസ്കാരത്തെ പ്രോത്സാഹിപ്പിക്കുന്നില്ല.

(4) ഒന്നാംഭാഷയുടെ വികാസം തടയുന്നു.

**108.** ഭാഷാപരമായ ധർമങ്ങളായ സ്വരഭേദം, ഭാവം, ഊന്നൽ, താളം എന്നിവ അറിയപ്പെടുന്നത് :

(1) കവിത (2) ഛന്ദോവിഷയകം

(3) ഉച്ചാരണശാസ്ത്രസംബന്ധം (4) പ്രായോഗികവാദം

**109.** ഇന്ത്യയിലെ ഭാഷകളെസ്സംബന്ധിച്ച് ശരിയല്ലാത്ത പ്രസ്താവന ഇവയിലേത് ?

(1) ഇന്ത്യൻഭരണഘടന പ്രകാരം ഇംഗ്ലിഷ് ഒരു ബന്ധഭാഷയാണ്.

(2) ഇന്ത്യൻഭരണഘടനയുടെ എട്ടാം ഷെഡ്യൂൾ ലിസ്റ്റ് പ്രകാരം ഇരുപത്തിരണ്ടു ഭാഷകളുണ്ട്.

(3) സംസ്കൃതം ഒരു ആധുനികഭാരതീയഭാഷയാണ്.

(4) ഇന്ത്യൻഉപഭൂഖണ്ഡത്തിലെ ഒരു സമ്പർക്കഭാഷയാണ് ഹിന്ദി.

**110.** ഒരു അദ്ധ്യാപകന്റെ മാർഗദർശിത്വത്തിൻ കീഴിൽ ഒരു ഭാഷാ ക്ലാസ്സിൽ വിദ്യാർത്ഥികൾ പല ഗ്രൂപ്പുകൾ രൂപവത്കരിച്ച് നല്കപ്പെട്ട ഒരുവിഷയത്തെ അധികരിച്ച് ഒരുപരസ്യം അവതരിപ്പിച്ചു. ഈ രീതിയിലുള്ള ഭാഷാപഠനത്തെ വിളിക്കുന്നത് എന്ത് ?

(1) പങ്കാളിത്തപഠനം
(2) മത്സരവും സ്പർദ്ധയും
(3) ഭാഷാകേളികൾ
(4) മാർഗദർശനവും ഉപദേശവും

**111.** റെസ്റ്റോറന്റുകളിൽ ഉപയോഗിച്ചുവരുന്ന പദാവലികൾ പരിചയപ്പെടുത്തുന്ന ഒരുനിയോഗം പഠിതാക്കൾക്ക് ടീച്ചർ നൽകി. ഈ പാഠത്തിന്റെ ഉദ്ദേശ്യമെന്താണെന്ന് കണ്ടെത്തുക.

(1) ശബ്ദകോശങ്ങളിലൂടെ പഠിതാക്കളെ സജ്ജരാക്കുന്നു.
(2) വ്യാകരണപരമായ ഇനങ്ങളിലൂടെ പരിചയപ്പെടുത്തുന്നു.
(3) അവധിക്കാലകേന്ദ്രത്തെക്കുറിച്ച് പുസ്തകത്തിലൂടെ പരിചയപ്പെടുത്തുന്നു.
(4) വിമർശനാത്മകചിന്ത വികസിപ്പിക്കുന്നു.

**112.** സ്വഭാവരൂപവത്കരണഘട്ടത്തിലാണ് വാചികവാചികേതരമേതുമാവട്ടേ ഭാഷാപഠനം നടക്കുന്നതെന്നു വിശ്വസിക്കുന്ന ഗണമേത് ?

(1) ഫംങ്ഷണലിസ്റ്റുകൾ
(2) ബിഹേവിയറിസ്റ്റുകൾ
(3) കോഗ്നിവിസ്റ്റുകൾ
(4) ഇന്ററാക്ഷണലിസ്റ്റുകൾ

**113.** കഥയുടെ സ്ഥലസമയങ്ങളെ വിളിക്കുന്നത് എന്ത് ?

(1) പ്രമേയം (2) പശ്ചാത്തലം (3) ഇതിവൃത്തം (4) പരിസമാപ്തി

**114.** ഒരു ഭാഷാ ക്ലാസ്സിൽ ഒരുവിഭാഗം കുട്ടികളോട് വാങ്ങുന്നവരായും വസ്തുവിൽപനക്കാരായും നാട്ടുപ്രഭുക്കളായും വാടകക്കാരായും അഭിനയിക്കാൻ ആവശ്യപ്പെട്ടു. മറ്റുകുട്ടികളോട് ഇതു കാണുവാനും അവരുടെ സംഭാഷണങ്ങൾ കേട്ടുരസിക്കുവാനും ആവശ്യപ്പെട്ടു. ഈ പ്രവൃത്തിയെ വിളിക്കുന്നതെന്ത് ?

(1) പത്രനാട്യം (2) നാടകം (3) അഭിനയപാഠം (4) മാർഗദർശനം

**115.** വിദ്യാർത്ഥികളെ പഠിപ്പിക്കുവാനായി ഒരു ഭാഷാദ്ധ്യാപിക എന്നും ദിനപ്പത്രങ്ങൾ, മെനു കാർഡുകൾ, ട്രെയിൻ ടിക്കറ്റുകൾ എന്നീ വസ്തുക്കൾ കൊണ്ടുവന്നിരുന്നു. ബോധനത്തിൽ അവർ നിർവഹിക്കുന്നതെന്ത് ?

(1) ആധികാരികവസ്തുക്കൾഉപയോഗപ്പെടുത്തി തന്റെ ബോധനത്തെ കൂടുതൽ യഥാതഥവും പ്രയോജനപ്രദവുമാക്കുന്നു.
(2) ബഹുഭാഷാപഠനത്തിന് തന്റെ വിദ്യാർത്ഥികളെ സഹായിക്കുവാൻ പരിശ്രമിക്കുന്നു.
(3) യഥാതഥജീവിതസന്ദർഭങ്ങളിലൂടെ തന്റെ വിദ്യാർത്ഥികളെ ഇംഗ്ലിഷ് പഠിപ്പിക്കുവാൻ അവർ ആഗ്രഹിക്കുന്നു.
(4) വിദ്യാർത്ഥികളിൽ അവർ അവബോധം സൃഷ്ടിക്കുന്നു.

116. താഴെപ്പറഞ്ഞവയിൽ പാഠശ്രവണാസൂത്രണത്തിൽ സുപ്രധാനമല്ലാത്ത ഘടകം ഏത് ?
(1) ആലേഖനപ്രക്രിയയിൽ അല്പനേരം വിരാമം
(2) സംഭാഷണത്തിന്റെ വേഗം
(3) ഭാഷകരുടെ ലിംഗം
(4) ഭാഷകരുടെ എണ്ണം

117. ഭാരതത്തിലുള്ള ബഹുഭാഷിത്വം അധ്യാപകർ ഗ്രഹിക്കണമെന്നതിന്റെ ഉദ്ദേശ്യം :
(1) ആശയവിനിമയം നടക്കുമ്പോൾ സാമൂഹികസമരസത നിലനിൽക്കുന്നു.
(2) ന്യൂനപക്ഷഭാഷകൾ മേൽക്കോയ്മാഭാഷകളോട് സംയോജിക്കപ്പെടണം.
(3) വൈവിധ്യസ്വഭാവമുള്ള സമൂഹത്തിൽ ഒരുഭാഷാനയം രൂപവത്കരിക്കപ്പെടണം.
(4) ഭാഷ, സ്വത്വം, സംസ്കാരം ഇവ വേറിട്ട അസ്തിത്വങ്ങളാണ്.

118. ഭാഷയുടെ ഏതു നൈപുണിയാണ് 'സ്വീകാരനൈപുണി' എന്നു വിളിക്കപ്പെടുന്നത് ?
(1) ശ്രവണവും ഭാഷണവും
(2) ഭാഷണവും എഴുത്തും
(3) വായനയും എഴുത്തും
(4) ശ്രവണവും വായനയും

119. 'ശ്രവണം' ഉൾക്കൊള്ളുന്നത് :
(1) ശബ്ദങ്ങൾ കേൾക്കുന്നതും മനസ്സിലാക്കുന്നതും
(2) ഉള്ളടക്കം അനുമാനിക്കുന്നത്
(3) പൂർവവിഷയജ്ഞാനം ഉപയോഗപ്പെടുത്തുന്നത്
(4) ശബ്ദം തിരിച്ചറിയുകയും അതിലുള്ള ലഭ്യവസ്തുക്കളുടെ അർത്ഥം അറിയലും

120. കോളം **A** യിൽ നല്കിയ ഭാഷാപഠനസമ്പ്രദായങ്ങളെയും കോളം **B** യിൽ അതിന്റെ ഗ്രഹണവും ബന്ധപ്പെട്ട വിഷയങ്ങളുമുണ്ട്. ഇവ ശരിയായി ചേർക്കുക.

| A | | B | |
|---|---|---|---|
| (a) | ആശയവിനിമയഭാഷാബോധനം | (i) | സാമൂഹികമായി അംഗീകൃതവും സന്ദർഭ ചേർച്ചയുള്ളതുമായ ഭാഷ |
| (b) | ഋജുസമ്പ്രദായം | (ii) | മൗനവായന |
| (c) | വ്യാകരണപരിഭാഷ | (iii) | എഴുതപ്പെട്ട സാഹിത്യകൃതികൾ |
| (d) | West ന്റെ പുതിയ സമ്പ്രദായം | (iv) | ആഗമനപരമായി വ്യാകരണബോധനം |

(1) (a)-(i), (b)-(iv), (c)-(iii), (d)-(ii)
(2) (a)-(iv), (b)-(ii), (c)-(iii), (d)-(i)
(3) (a)-(iii), (b)-(i), (c)-(ii), (d)-(iv)
(4) (a)-(ii), (b)-(i), (c)-(iv), (d)-(iii)

**ഭാഷ - II മലയാളം** തിരഞ്ഞെടുത്ത പരീക്ഷാർത്ഥികൾ മാത്രം **ഭാഗം V** (**ചോദ്യങ്ങൾ 121-150**) ഉത്തരമെഴുതുക.

Candidates should attempt the questions from **Part-V (Q.No. 121-150)**, if they have opted **MALAYALAM** as **Language-II** only.

## PART-V
## LANGUAGE-II
## MALAYALAM

**ഭാഷ-II മലയാളം** തിരഞ്ഞെടുത്ത പരീക്ഷാർത്ഥികൾ മാത്രം **ഭാഗം-V** (**ചോദ്യങ്ങൾ 121-150**) ഉത്തരമെഴുതുക.

**താഴെക്കൊടുത്തിട്ടുള്ള ഗദ്യഭാഗം വായിച്ചശേഷം ചോദ്യങ്ങൾക്ക് (121 - 128) ശരിയുത്തരം തിരഞ്ഞെടുത്ത് എഴുതുക.**

നാട്യശാസ്ത്രത്തിന്റെ രചനാകാലം കൃത്യമായി കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെങ്കിലും ബി സി ഒന്നാം ശതകമോ രണ്ടാംശതകമോ ആയിരിക്കാനിടയുണ്ട് എന്ന് ഗവേഷകന്മാർ പറഞ്ഞുവയ്ക്കുന്നുണ്ട്. രാമായണ-മഹാഭാരത ഇതിഹാസരചനയ്ക്കു മുൻപുതന്നെ നാട്യശാസ്ത്രസിദ്ധാന്തങ്ങൾ പ്രചാരത്തിലുണ്ടായിരുന്നു എന്ന് കെ പി നാരായണ പിഷാരടി ഖണ്ഡിതമായി, തെളിവുകൾ നിരത്തി സ്ഥാപിക്കുന്നുമുണ്ട്. നാട്യവേദത്തിന്റെ ഭാഗമായി നൃത്തത്തെപ്പറ്റിയും നാട്യശാസ്ത്രം നാലാമദ്ധ്യായത്തിൽ വിശദമായിത്തന്നെ പരാമർശിക്കുന്നു. മുപ്പത്തിയൊന്നു മുതൽ നൂറ്റി നാല്പത്തിനാലുവരെയുള്ള ശ്ലോകങ്ങളിൽ കരണങ്ങളെപ്പറ്റിയും അവയുടെ പ്രയോഗത്തിന്റെ അതിസൂക്ഷ്മതലങ്ങളെക്കുറിച്ചുമുള്ള വിവരണങ്ങളുമാണുള്ളത്. നൃത്തത്തെ കേവലമായ ആവിഷ്കാരരൂപമെന്നതിനുപരി നാട്യത്തിനു പോഷകമെന്ന നിലയിലാണ് പ്രാരംഭകാലത്ത് കണക്കാക്കിയിരുന്നത്. ശോഭ ജനിപ്പിക്കുന്നതിനും, എല്ലാ ജനങ്ങൾക്കും ഇഷ്ടമായതുകൊണ്ട് വിശേഷാവസരങ്ങളിൽ വിനോദത്തിനും വേണ്ടിയാണ് നൃത്തം നാട്യത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് എന്നുകൂടി നമുക്കതിൽനിന്ന് വായിച്ചെടുക്കാം.

എ ഡി രണ്ടാംശതകത്തിൽ ജീവിച്ചിരുന്നു എന്നു കരുതപ്പെടുന്ന ഇളങ്കോവടികൾ രചിച്ച 'ചിലപ്പതികാര'ത്തിൽ നൃത്തവർണനകൾ നടത്തിയിരിക്കുന്നത് അതിന്റെ സൂക്ഷ്മഘടകങ്ങളെയും അംഗങ്ങളെയും ശാസ്ത്രീയമായി നിർവചിച്ചുകൊണ്ടുതന്നെയാണ്.

**121.** നാട്യശാസ്ത്രത്തിൽ നൃത്തത്തെ പ്രതിപാദിക്കുന്ന ഭാഗം ?

(1) ഒന്നാം അദ്ധ്യായം (2) നാലാം അദ്ധ്യായം

(3) ആറാം അദ്ധ്യായം (4) എഴാം അദ്ധ്യായം

**122.** 'ഭൂതകാലസമൃദ്ധി' സമാസം ഏത് ?

(1) ആധാരികാതത്പുരുഷൻ (2) മധ്യമപദലോപിതത്പുരുഷൻ

(3) ദ്വന്ദ്വസമാസം (4) സംബന്ധികാതത്പുരുഷൻ

123. 'യോജിച്ച' എന്ന അർത്ഥത്തിൽ ഇതിലുള്ള വാക്ക് ഏത് ?

(1) പറയുന്ന (2) പ്രസക്തം (3) കരുതുന്ന (4) നടത്തുന്ന

124. 'പ്രാരംഭം' എന്നതിന്റെ വിപരീതപദം :

(1) സമാഹരണം (2) സമാരംഭം (3) സംരംഭം (4) സമാപനം

125. 'ചിലപ്പതികാര'ത്തിലെ നൃത്തവർണനയുടെ സ്വഭാവം എന്ത് ?

(1) ശാസ്ത്രീയം (2) അശാസ്ത്രീയം (3) പ്രാചീനം (4) അർവാചീനം

126. 'ചിലപ്പതികാര'ത്തിന്റെ രചനാകാലം :

(1) എ ഡി ഒന്നാംനൂറ്റാണ്ട് (2) എ ഡി രണ്ടാംനൂറ്റാണ്ട്

(3) ബി സി ഒന്നാംനൂറ്റാണ്ട് (4) ബി സി രണ്ടാംനൂറ്റാണ്ട്

127. നൃത്തം ഏതു വേദത്തിന്റെ ഭാഗമാണ് ?

(1) ഋഗ്വേദം (2) യജുർവേദം (3) നാട്യവേദം (4) സാമവേദം

128. നാട്യശാസ്ത്രരചന ഇതിഹാസകാലത്തിനു മുൻപെന്ന് സമർത്ഥിച്ചതാര് ?

(1) ചോളരാജാവ് (2) കെ പി നാരായണ പിഷാരടി

(3) ഇളങ്കോവടികൾ (4) മാധവി

**താഴെക്കൊടുത്തിട്ടുള്ള ഗദ്യഭാഗം വായിച്ചശേഷം ചോദ്യങ്ങൾക്ക് (129 - 135) ശരിയുത്തരം തിരഞ്ഞെടുത്ത് എഴുതുക.**

പ്രസംഗം ശ്രോതാക്കളുടെ ഹൃദയത്തിൽ കടത്തുകയാണ് പ്രസംഗകന്റെ ഏറ്റവും പ്രധാനമായ ലക്ഷ്യം. അതിനു പ്രാസംഗികൻ താൻ തന്നെ വിഷയത്തിൽ കടക്കണം. അതിനുമുൻപ്, വിഷയം പ്രസംഗകനിൽ കടന്നിരിക്കുകയും വേണം. വിഷയം തന്റെ ഉള്ളിൽ കടന്നിട്ടില്ലാത്ത പ്രസംഗകനു വിഷയത്തിൽ കടക്കാനും അയാളുടെ പ്രസംഗം ശ്രോതൃഹൃദയങ്ങളിൽ കടത്താനും പ്രയാസപ്പെടേണ്ടിവരും. അപ്പോൾ പ്രസംഗം നന്നാവാൻ വേണ്ട പ്രഥമവും പരമപ്രധാനവുമായ സംഗതി താൻ സംസാരിക്കുന്ന വിഷയത്തെപ്പറ്റി പ്രസംഗകനിൽ ഉണ്ടായിരിക്കേണ്ട ആത്മാർത്ഥവും ഹൃദയപൂർവവും അഗാധവുമായ ബോധവും സ്നേഹവുമാണ്. 'ഹൃദയത്തിന്റെ പൂർണതയിൽനിന്നു മുഖം സംസാരിക്കുന്നു' എന്നു മത്തായിയുടെ സുവിശേഷം പ്രസംഗിക്കുന്നു. ഹൃദയനിർഗതമല്ലാത്ത വാക്ക് ഹൃദയപേശിയാവുകയില്ല. അത് അന്തരീക്ഷത്തെ ഞെട്ടിച്ചേക്കാം. താൻ പറയുന്നതിനുവേണ്ടി പ്രാണൻ പോലും ഉഴിഞ്ഞുവയ്ക്കാനുള്ള വൈകാരികധീരതയാണ് ഡമോസ്തനിസ്സിനെയും വെബ്സ്റ്ററെയും ഹിറ്റ്ലറെയും ശ്രോതൃചിത്തനായകന്മാരാക്കിത്തീർത്തത്.

ആത്മാർത്ഥതാജന്യമായ ഈ വൈകാരികധീരതയിൽനിന്നാണ് പ്രസംഗകന് ആത്മവിശ്വാസം ജനിക്കുന്നത്. ആത്മവിശ്വാസമില്ലാതെ, സദസ്സിനെ നേരിടുന്നവന്റെ തൊണ്ട വരണ്ട്, തടി തളർന്ന്, മുട്ടു വിറച്ച്, ഒച്ചയടച്ച്, ഒരു അഭിനവപാർത്ഥനെപ്പോലെ അവന്റെ വാഗസ്ത്രങ്ങൾ താഴെ വീണുപോകും. വിവക്ഷിതമായ വിഷയത്തെക്കുറിച്ചു താൻ പറയുന്നതു സത്യമാണെന്നു മാത്രമല്ല, അതിനെപ്പറ്റി താനാണു പറയേണ്ടത് എന്ന ബോധം കൂടി പ്രഭാഷകന്റെ ഹൃദയത്തിൽ നിരൂഢമായിരിക്കണം. തനിക്കു പ്രസ്തുത വിഷയത്തെപ്പറ്റി ഉറച്ച ജ്ഞാനമുണ്ടെന്ന സത്യസന്ധമായ ധാരണയുണ്ടെങ്കിൽ, പ്രസംഗികനെ ഒരിക്കലും രംഗഭീതി (Stage- fright) എന്ന മഹാഭീതി അലട്ടുകയില്ല. ചിലർ പറയാറുണ്ട്, നല്ല പ്രസംഗകനാവണമെങ്കിൽ കേൾപ്പോർക്കു വിവരമില്ലെന്നു സ്വയം കരുതുന്നതു നല്ലതാണെന്ന്, ഇതേ മട്ടിൽ ചെസ്റ്റർഫീൽഡ് പ്രഭു പറഞ്ഞു.

**129.** 'ആഴമുള്ള' എന്നതിന്റെ അർത്ഥത്തിൽ ഇവിടെയുള്ള വാക്ക് :

(1) ബോധം (2) അഗാധം (3) പ്രധാനം (4) പ്രഥമം

**130.** 'കേൾപ്പോർ' സമാസം എന്ത് ?

(1) ബഹുവ്രീഹി (2) കർമധാരയൻ

(3) ദ്വന്ദ്വസമാസം (4) മധ്യമപദലോപിതൽപുരുഷൻ

**131.** 'വാഗസ്ത്രങ്ങൾ' സന്ധിയേത് ?

(1) സംബന്ധികാതത്പുരുഷൻ (2) ദ്വന്ദ്വസമാസം

(3) ബഹുവ്രീഹിസമാസം (4) ആധാരികാതത്പുരുഷൻ

**132.** അറിവുള്ള പ്രഭാഷകനെ ബാധിക്കാത്തത് എന്ത് ?

(1) ആത്മവിശ്വാസം (2) സഭാകമ്പം

(3) സത്യസന്ധത (4) ബോധം

**133.** പ്രഭാഷകന്റെ ലക്ഷ്യമെന്ത് ?

(1) കേൾവിക്കാരെ സ്വാധീനിക്കുക (2) കേൾവിക്കാരെ കീഴടക്കുക

(3) ശ്രോതാക്കളെ ഇല്ലാതാക്കുക (4) ശ്രോതാക്കളെ വെറുപ്പിക്കുക

**134.** ''ഹൃദയത്തിന്റെ പൂർണ്ണതയിൽനിന്ന് മുഖം സംസാരിക്കുന്നു'' എന്നത് മത്തായിയുടെ എന്താണ് ?

(1) ഉപദേശം (2) പ്രസംഗം (3) സുവിശേഷം (4) വിശേഷം

135. ഈ ഗദ്യം പ്രമേയമാക്കുന്നത് :

(1) വാർത്തവായന (2) പ്രഭാഷണപരിശീലനം

(3) പ്രഭാഷണകല (4) പ്രഭാഷണനിരോധനം

136. അനേകം സമകാലികവും വിഭിന്നകാലികവുമായ ഓൺലൈൻ പഠനാവസരങ്ങൾ നൽകുന്ന ഉപകരണം ഏത് ?

(1) പാഠപുസ്തകം (2) റെയിൽവേ ടിക്കറ്റ്

(3) ടെലിവിഷൻ (4) കൈബുക്ക്

137. സംരചനാമൂല്യനിർണയത്തോട് യോജിക്കാത്ത ഉപകരണമേത് ?

(1) നിബന്ധം (2) പേപ്പർ പെൻസിൽ പരീക്ഷ

(3) പ്രോജക്ട് (4) ക്ലാസ്സവതരണം

138. ഭാഷാബോധനത്തിന് എല്ലാദിവസവും ഉപയോഗിക്കുന്ന വിഭവങ്ങളെ വിളിക്കുന്നത് എന്ത് ?

(1) പഠനസഹായിയായി ഉപയോഗിക്കുന്ന നിത്യജീവിതവസ്തുക്കൾ

(2) ഭാഷാകേളികൾ

(3) പഠനസഹായി

(4) പാഠപുസ്തകം

139. ഭാരതത്തിന്റെ ഭാഷാവിദ്യാഭ്യാസദർശനം (ത്രിഭാഷാസമവാക്യം) പ്രോത്സാഹിപ്പിക്കുവാൻ ശ്രമിച്ചത് എന്ത് ?

(1) ബഹുഭാഷാവിദ്യാഭ്യാസം

(2) ഏകഭാഷാപരമായ വിദ്യാഭ്യാസം

(3) ഹിന്ദിയിലൂന്നിക്കൊണ്ട് ദ്വിഭാഷിത്വവിദ്യാഭ്യാസം

(4) മാതൃഭാഷാധിഷ്ഠിതബഹുഭാഷിത്വം

**140.** തലകീഴ് പ്രക്രിയയുമായി ശരിയല്ലാത്തതായ പ്രസ്താവം ഏത് ?

(1) ശ്രോതാക്കൾ അവരുടെ പശ്ചാത്തലജ്ഞാനത്തിൽ തങ്ങിനിൽക്കുന്നു.

(2) ശ്രോതാക്കൾ ഉദ്ദിഷ്ടാർത്ഥത്തെക്കുറിച്ച് അഭ്യൂഹങ്ങൾ ചമയ്ക്കുന്നു.

(3) ലോകജ്ഞാനത്തെ ശ്രോതാക്കൾ ഉപയോഗപ്പെടുത്തുന്നു.

(4) ഓരോരോ വാക്കുകളും ശ്രോതാക്കൾ അറിഞ്ഞിരിക്കണം.

**141.** അന്താരാഷ്ട്രമാതൃഭാഷാദിനം ആഘോഷിക്കുന്ന ദിവസം ഏത് ?

(1) ജനുവരി ഒന്ന് (2) ഫെബ്രുവരി 14

(3) ഫെബ്രുവരി 21 (4) ഏപ്രിൽ 13

**142.** സുഹൃത്തായ ഒരു സഹപ്രവർത്തകന് നിങ്ങൾ അയയ്ക്കുന്ന ഇ മെയിൽ ഏതു വിധത്തിലുള്ളതാണ് എന്നു കണ്ടുപിടിക്കുക.

(1) അനൗപചാരികം (2) ഔപചാരികം

(3) ബിസിനസ്സ് (4) കത്തിടപാട്

**143.** പഠനബോധനപ്രക്രിയയിൽ ഉടനീളം വിദ്യാർത്ഥികളുടെ പഠനവും ഗ്രഹണവും വ്യക്തമായി മൂല്യ നിർണയം നടത്തുന്ന പ്രക്രിയയെ വിളിക്കുന്നത് എന്ത് ?

(1) പഠനത്തിനായുള്ള മൂല്യനിർണയം

(2) പഠനത്തിന്റെ മൂല്യനിർണയം

(3) പഠനത്തിലെ മൂല്യനിർണയം

(4) പഠനമാവുന്ന മൂല്യനിർണയം

**144.** 'ആരോഗ്യമാണ് സമ്പത്ത്' എന്ന ഒരു ഓഡിയോ, ടീച്ചർ രണ്ടാംഭാഷാ ക്ലാസ്സിൽ കേൾപ്പിച്ചു കൊടുത്തു. അതിനു ശേഷം ഒരു ലഘുലേഖ കൊടുത്തിട്ട് ഓപ്ഷനിൽനിന്ന് ശരിയുത്തരം അടയാളമിടാൻ ആവശ്യപ്പെട്ടു. ഈ ബോധനരീതിയിലൂടെ പഠിതാവ് ഏതു ലക്ഷ്യത്തിലേക്കെത്തിച്ചേരണം ?

(1) ആരോഗ്യത്തെക്കുറിച്ചുള്ള പാഠം കേൾക്കുക.

(2) പഠിതാക്കളെ ഒരുനിയോഗത്തിൽ ഏർപ്പെടുത്തുക.

(3) ആശയാപഗ്രഥനത്തിന് സജ്ജരാകുക.

(4) ആരോഗ്യം, സമ്പത്ത് എന്നിവയെക്കുറിച്ചുള്ള പാഠം മനഃപാഠം പഠിക്കുക.

145. ഭാഷാപഠനത്തിലെ പിഴവുകളുമായി ശരിയാകാത്ത പ്രസ്താവന ഏത് ?

(1) ഭാഷാപഠനപ്രക്രിയയെ പിഴവുകൾ തടസ്സപ്പെടുത്തുന്നു.

(2) പിഴവുകൾ എപ്പോഴും മോശമല്ല; പഠനത്തിൽ സഹായിയുമാണ്.

(3) ഭാഷാപഠനപ്രക്രിയയിലെ നിർണായകവശങ്ങളാണ് പിഴവുകൾ.

(4) രണ്ടാംഭാഷയുടെ ആർജ്ജനത്തിന്റെ പ്രക്രിയ മനസ്സിലാക്കാൻ പിഴവുകൾ സഹായിക്കുന്നു.

146. ഭാഷാപഠനത്തിലെ സർഗാത്മകത എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്ത് ?

(1) വ്യത്യസ്തവ്യാഖ്യാനങ്ങളും ഉത്തരങ്ങളും അനുവദിക്കുന്ന വിവൃതനിയോഗങ്ങളോടു കൂടിയ ക്ലാസ് മുറികൾ.

(2) വിവിധവിഷയങ്ങളിലെ ഘടകങ്ങളെ കൂട്ടിച്ചേർത്ത് ചിലതു ഗ്രഹിക്കുക.

(3) പുതിയ ബോധനസമ്പ്രദായം ഉപയോഗിച്ച് ക്ലാസ്റൂം പ്രവർത്തനം നടത്തുക.

(4) ആശയവിനിമയഭാഷാപഠനം ഉപയോഗിച്ച് ക്ലാസ്റൂം വിഭവങ്ങൾ പ്രയോജനപ്പെടുത്തുക.

147. ഭാഷയുടെ തുറസ്സിലേക്ക് പഠിതാക്കൾ എത്തിച്ചേരണം. പിഴവുകൾ പഠനം നടക്കുന്നുണ്ട് എന്നതിന്റെ തെളിവ് ആവിഷ്കരിക്കുന്നതാണ്. ഇങ്ങനെ അഭിപ്രായം ഉള്ളവർ :

(1) ബിഹേവിയറിസ്റ്റുകൾ (2) കൊഗ്നിവിസ്റ്റുകൾ

(3) ഹ്യൂമനിസ്റ്റുകൾ (4) സൈക്കോ അനാലിസ്റ്റുകൾ

148. ഇവയിൽ ശരിയായ പ്രസ്താവന ഏത് ?

(a) അക്ഷരം എഴുതാനും വായിക്കാനുമാവാത്ത അവസ്ഥ ഒരു വായനവൈകല്യമാണ്.

(b) മനസ്സിലാകുന്ന രീതിയിൽ എഴുതാൻ കഴിയായ്ക എന്നത് ഒരു രചനാവൈകല്യമാണ്.

(c) മനസ്സിലാകുന്ന രീതിയിൽ എഴുതാൻ കഴിയായ്ക എന്നത് ഒരു വായനവൈകല്യമാണ്.

(d) അക്ഷരം എഴുതാനും വായിക്കാനുമാവാത്ത അവസ്ഥ ഒരു രചനാവൈകല്യമാണ്.

(1) (a) മാത്രമാണ് ശരി

(2) (b) യും (d) യും മാത്രമാണ് ശരി

(3) (a) യും (b) യും ശരിയാണ്

(4) (c) യും (d) യും ശരിയാണ്

**149.** ഗവൺമെന്റ് സ്കൂൾ ടീച്ചറായ റിത 7-ാം ക്ലാസ്സിലെ വിദ്യാർത്ഥികളെ ഇംഗ്ലിഷ് പഠിപ്പിക്കുവാനായി ദൃശ്യ ഉപാധികളും ഭാഷാകേളികളും ഉപയോഗിച്ചിരുന്നു. റിത ഏതു ബോധനതത്ത്വമാണ് ഇവിടെ പ്രയോഗവത്കരിച്ചത് ?

(1) സ്വാഭാവികപ്രക്രിയയുടെ തത്ത്വങ്ങൾ

(2) പരിശീലനത്തിന്റെയും ശീലരൂപവത്കരണത്തിന്റെയും തത്ത്വങ്ങൾ

(3) ഉദ്ദീപനത്തിന്റെയും താത്പര്യത്തിന്റെയും തത്ത്വങ്ങൾ

(4) ജീവിതവുമായി ബന്ധിപ്പിച്ചുള്ള തത്ത്വങ്ങൾ

**150.** മൃഗങ്ങൾ പ്രധാനകഥാപാത്രമാകുന്നതും പൂർണവും സ്പഷ്ടവുമായ സന്മാർഗബോധം പഠിപ്പിക്കുന്നതുമായ ചെറുകഥയെ എന്തു വിളിക്കാം ?

(1) ഭാവന (2) കെട്ടുകഥ

(3) ശാസ്ത്രനോവൽ (4) യാത്രാവിവരണം

**- o O o -**

SPACE FOR ROUGH WORK

**താഴെത്തന്നിരിക്കുന്ന നിർദ്ദേശങ്ങൾ സശ്രദ്ധം വായിക്കുക :**

1. വിവിധചോദ്യങ്ങൾക്ക് ഉത്തരമെഴുതേണ്ടവിധം പരീക്ഷാപുസ്തികയിൽ നൽകിയിരിക്കുന്നത് ശ്രദ്ധിച്ചു വായിച്ചശേഷം ഉത്തരമെഴുതാൻ തുടങ്ങുക.
2. ഓരോ ചോദ്യത്തിനും നാലുപക്ഷാന്തരങ്ങൾ തന്നിരിക്കുന്നു, അവയിൽ ശരിയുത്തരത്തിനുള്ള വട്ടത്തിൽ OMR ഉത്തരക്കടലാസ്സിൽ നീലപ്പേനകൊണ്ട് പൂർണ്ണമായും നിറച്ച് രേഖപ്പെടുത്തുക. ഒരിക്കൽ രേഖപ്പെടുത്തിയ ഉത്തരം മാറ്റാവുന്നതല്ല.
3. ഉത്തരക്കടലാസ്സ് മടക്കരുത്. അതിൽ അനാവശ്യമായ രേഖപ്പെടുത്തലുകളോ മറ്റോ ഇല്ല എന്ന് പരീക്ഷാർത്ഥികൾ ഉറപ്പുവരുത്തുക. നിർദ്ദേശിച്ച ഇടത്തല്ലാതെ മറ്റൊരിടത്തും സ്വന്തം റോൾ നമ്പർ എഴുതരുത്.
4. പരീക്ഷാപുസ്തിക സൂക്ഷിച്ചു കൈകാര്യം ചെയ്യുക. യാതൊരു കാരണവശാലും (പരീക്ഷാപുസ്തികസങ്കേതമോ ഉത്തരക്കടലാസ്സിലെ സങ്കേതമോ തമ്മിലുള്ള അപാകമൊഴിച്ച്) മറ്റൊരു സെറ്റ് ലഭിക്കുന്നതല്ല.
5. ഹാജർ ഷീറ്റിൽ ശരിയായ പരീക്ഷാപുസ്തികസങ്കേതവും ഉത്തരക്കടലാസ്സ് സങ്കേതവും പരീക്ഷാർത്ഥി എഴുതിയിരിക്കണം.
6. OMR ഉത്തരക്കടലാസ് പരിശോധിക്കുന്നത് ഒരു യന്ത്രമായതിനാൽ സൂചനകൾ അപൂർണ്ണമോ അഡ്മിറ്റ് കാർഡിൽ നിന്നു വ്യത്യസ്തമോ ആവരുത്.
7. അഡ്മിറ്റ് കാർഡ് ഒഴിച്ച് അച്ചടിച്ചതോ എഴുതിയതോ ആയ യാതൊരു പ്രമാണമോ കടലാസ്സുകഷ്ണങ്ങളോ പേജറോ മൊബൈൽ ഫോണോ വൈദ്യുതി ഉപകരണങ്ങളോ മറ്റൊരു വസ്തുവും പരീക്ഷാർത്ഥിയുടെ കൈവശം ഉണ്ടാവരുത്.
8. മൊബൈൽ ഫോണോ മറ്റു വയർലസ് സംവിധാനങ്ങളോ (സ്വിച്ച് ഓഫ് മോഡിൽപോലും) നിരോധിക്കപ്പെട്ട വസ്തുക്കളോ പരീക്ഷാ ഹാളിൽ കൊണ്ടുവരരുത്. ഈ നിർദ്ദേശത്തിനു വിരുദ്ധമായി പ്രവർത്തിക്കുന്നത് പരീക്ഷാ ക്രമക്കേടിന്റെ ഭാഗമായി കണക്കാക്കി അവർക്കെതിരെ പരീക്ഷ റദ്ദാക്കുന്നതുൾപ്പടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.
9. ആവശ്യപ്പെട്ടാൽ ഇൻവിജിലേറ്ററെ അഡ്മിറ്റ് കാർഡ് കാണിക്കേണ്ടതാണ്.
10. സെന്റർ സൂപ്രണ്ടിന്റെയോ/ഇൻവിജിലേറ്ററുടെയോ പ്രത്യേക അനുമതിയില്ലാതെ പരീക്ഷാർത്ഥി സ്വന്തം ഇരിപ്പിടം വിടരുത്.
11. ഹാജർഷീറ്റ് രണ്ടുതവണ ഒപ്പിടുകയും ഉത്തരക്കടലാസ്സ് തിരിച്ച് ഇൻവിജിലേറ്ററിനെ ഏല്പിക്കുകയും ചെയ്യാതെ പരീക്ഷാർത്ഥി പരീക്ഷാ ഹാൾ വിടരുത്. രണ്ടാംപ്രാവശ്യം ഹാജർ ഷീറ്റ് ഒപ്പിടാത്ത കേസുകൾ ഉത്തരക്കടലാസ്സ് ഏല്പിക്കാത്തതായും ക്രമക്കേടുകാട്ടിയതായും കണക്കാക്കും. **ഹാജർഷിറ്റിൽ പറഞ്ഞിട്ടുള്ളസ്ഥാനത്ത് പരീക്ഷാർത്ഥി തന്റെ ഇടതുകൈയിലെ വിരലടയാളം പതിച്ചിരിക്കേണ്ടതാണ്.**
12. ഇലക്ട്രോണിക്/മാനുഷിക കാൽക്കുലേറ്റർ നിരോധിച്ചിരിക്കുന്നു.
13. ബോർഡിന്റെ എല്ലാനിയമങ്ങളും നിബന്ധനകളും പരീക്ഷാർത്ഥിക്കു ബാധകമാണ്. എല്ലാവിധക്രമക്കേടുകളിലും ബോർഡിന്റെ നിയമവും നിബന്ധനയും അനുസരിച്ച് ഇടപെടുന്നതായിരിക്കും.
14. പരീക്ഷാപുസ്തികയുടെയും ഉത്തരക്കടലാസ്സിന്റെയും യാതൊരു അംശവും വേർപെടുത്തുവാൻപാടില്ല.
15. പരീക്ഷ എഴുതിക്കഴിഞ്ഞാൽ പരീക്ഷാർത്ഥികൾ ഉത്തരക്കടലാസ്സ് ഇൻവിജിലേറ്ററെ ഏല്പിച്ചിരിക്കണം. ഈ പുസ്തിക പരീക്ഷാർത്ഥിക്ക് കൂടെ കൊണ്ടുപോകാവുന്നതാണ്.

## निम्नलिखित निर्देशों को ध्यान से पढ़ें :

1. जिस प्रकार से विभिन्न प्रश्नों के उत्तर दिए जाने हैं उसका वर्णन परीक्षा पुस्तिका में किया गया है, जिसे आप प्रश्नों का उत्तर देने से पहले ध्यान से पढ़ लें।
2. प्रत्येक प्रश्न के लिए दिए गए चार विकल्पों में से सही उत्तर के लिए OMR उत्तर पत्र के **पृष्ठ-2** पर केवल एक वृत्त को ही पूरी तरह **नीले/काले बॉल पॉइन्ट पेन** से भरें। एक बार उत्तर अंकित करने के बाद उसे बदला नहीं जा सकता है।
3. परीक्षार्थी सुनिश्चित करें कि इस उत्तर पत्र को मोड़ा न जाए एवं उस पर कोई अन्य निशान न लगाएँ। परीक्षार्थी अपना अनुक्रमांक उत्तर-पत्र में निर्धारित स्थान के अतिरिक्त अन्यत्र न लिखें।
4. परीक्षा पुस्तिका एवं उत्तर पत्र का ध्यानपूर्वक प्रयोग करें, क्योंकि किसी भी परिस्थिति में (केवल परीक्षा पुस्तिका एवं उत्तर पत्र के कोड या संख्या में भिन्नता की स्थिति को छोड़कर) दूसरी परीक्षा पुस्तिका उपलब्ध नहीं करायी जाएगी।
5. परीक्षा पुस्तिका/उत्तर पत्र में दिए गए परीक्षा पुस्तिका कोड व संख्या को परीक्षार्थी सही तरीके से उपस्थिति-पत्र में लिखें।
6. OMR उत्तर पत्र में कोडित जानकारी को एक मशीन पढ़ेगी। इसलिए कोई भी सूचना अधूरी न छोड़ें और यह प्रवेश-पत्र में दी गई सूचना से भिन्न नहीं होनी चाहिए।
7. परीक्षार्थी द्वारा परीक्षा हॉल/कक्ष में प्रवेश-पत्र के सिवाय किसी प्रकार की पाठ्य-सामग्री, मुद्रित या हस्तलिखित, कागज़ की पर्चियाँ, पेजर, मोबाइल फोन, इलेक्ट्रॉनिक उपकरण या किसी अन्य प्रकार की सामग्री को ले जाने या उपयोग करने की अनुमति नहीं है।
8. मोबाइल फोन, बेतार संचार युक्तियाँ (स्विच ऑफ अवस्था में भी) और अन्य प्रतिबंधित वस्तुएँ परीक्षा हॉल/कक्ष में नहीं लाई जानी चाहिए। इस सूचना का पालन न होने पर इसे परीक्षा में अनुचित साधनों का प्रयोग माना जाएगा और परीक्षार्थी विरुद्ध कार्यवाही की जाएगी, परीक्षा रद्द करने सहित।
9. पूछे जाने पर प्रत्येक परीक्षार्थी, निरीक्षक को अपना प्रवेश-पत्र दिखाएँ।
10. केन्द्र अधीक्षक या निरीक्षक की विशेष अनुमति के बिना कोई परीक्षार्थी अपना स्थान न छोड़ें।
11. कार्यरत निरीक्षक को अपना उत्तर पत्र दिए बिना एवं उपस्थिति-पत्र पर दुबारा हस्ताक्षर किए बिना परीक्षार्थी परीक्षा हॉल/कक्ष नहीं छोड़ेंगे। यदि किसी परीक्षार्थी ने दूसरी बार उपस्थिति-पत्र पर हस्ताक्षर नहीं किए, तो यह माना जाएगा कि उसने उत्तर पत्र नहीं लौटाया है और यह अनुचित साधन का मामला माना जाएगा। **परीक्षार्थी अपने बाएँ हाथ के अंगूठे का निशान उपस्थिति-पत्र में दिए गए स्थान पर अवश्य लगाएँ।**
12. इलेक्ट्रॉनिक/हस्तचालित परिकलक का उपयोग वर्जित है।
13. परीक्षा हॉल/कक्ष में आचरण के लिए परीक्षार्थी परीक्षण संस्था के सभी नियमों एवं विनियमों द्वारा नियमित हैं। अनुचित साधनों के सभी मामलों का फैसला परीक्षण संस्था के नियमों एवं विनियमों के अनुसार होगा।
14. किसी भी परिस्थिति में परीक्षा पुस्तिका और उत्तर पत्र का कोई भाग अलग न करें।
15. **परीक्षा सम्पन्न होने पर, परीक्षार्थी हॉल/कक्ष छोड़ने से पूर्व उत्तर पत्र निरीक्षक को अवश्य सौंप दें।** ***परीक्षार्थी अपने साथ इस परीक्षा पुस्तिका को ले जा सकते हैं।***

## READ THE FOLLOWING INSTRUCTIONS CAREFULLY :

1. The manner in which the different questions are to be answered has been explained in the Test Booklet which you should read carefully before actually answering the questions.
2. Out of the four alternatives for each question, only one circle for the correct answer is to be darkened completely with **Blue / Black Ball Point Pen** on **Side-2** of the OMR Answer Sheet. The answer once marked is not liable to be changed.
3. The candidates should ensure that the Answer Sheet is not folded. Do not make any stray marks on the Answer Sheet. Do not write your Roll No. anywhere else except in the specified space in the Answer Sheet.
4. Handle the Test Booklet and Answer Sheet with care, as under no circumstances (except for discrepancy in Test Booklet Code or Number and Answer Sheet Code or Number), another set will be provided.
5. The candidates will write the correct Test Booklet Code and Number as given in the Test Booklet/Answer Sheet in the Attendance Sheet.
6. A machine will read the coded information in the OMR Answer Sheet. Hence, no information should be left incomplete and it should not be different from the information given in the Admit Card.
7. Candidates are not allowed to carry any textual material, printed or written, bits of papers, pager, mobile phone, electronic device or any other material except the Admit Card inside the examination hall/room.
8. Mobile phones, wireless communication devices (even in switched off mode) and the other banned items should not be brought in the examination halls/rooms. Failing to comply with this instruction, it will be considered as using unfair means in the examination and action will be taken against the candidate including cancellation of examination.
9. Each candidate must show on demand his/her Admit Card to the Invigilator.
10. No candidate, without special permission of the Centre Superintendent or Invigilator, should leave his/her seat.
11. The candidates should not leave the Examination Hall/Room without handing over their Answer Sheet to the Invigilator on duty and sign the Attendance Sheet twice. Cases where candidate has not signed the Attendance Sheet second time will be deemed not to have handed over the Answer Sheet and dealt with as an unfair means case. **The candidates are also required to put their left hand THUMB impression in the space provided in the Attendance Sheet.**
12. Use of Electronic/Manual Calculator is prohibited.
13. The candidates are governed by all Rules and Regulations of the Examining Body with regard to their conduct in the Examination Hall/Room. All cases of unfair means will be dealt with as per Rules and Regulations of the Examining Body.
14. No part of the Test Booklet and Answer Sheet shall be detached under any circumstances.
15. **On completion of the test, the candidate must hand over the Answer Sheet to the Invigilator in the Hall / Room.** ***The candidates are allowed to take away this Test Booklet with them.***